"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

**വളരെ അത്യാവശ്യം**

തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ:DT/1163/2020-I2

തീയതി: 17/03/2020

പ്രേഷിതൻ
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്
എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്ലാനിംഗ്-2020-21 സാമ്പത്തിക വർഷത്തെ പോഷകാഹാര പദ്ധതി നടത്തിപ്പ്-തുടർനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുന്നത് സംബന്ധിച്ച്

**********

2020-21 സാമ്പത്തിക വർഷം വകുപ്പിന് കീഴിലുള്ള ഐടിഐകളിൽ പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിനായി 7.2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു.2020-21 സാമ്പത്തിക വർഷം ഏപ്രിൽ മാസം 01 മുതൽ ട്രെയിനികൾക്ക് പോഷകാഹാര പദ്ധതി നടപ്പിലാക്കേണ്ടതുള്ളതിനാൽ ഇതിനു ആവശ്യമായ കൃത്യമായ ഒരുക്കങ്ങൾ എല്ലാ സ്ഥാപനമേധാവികളും സ്വീകരിക്കേണ്ടതാണ്.പോഷകാഹാര പദ്ധതി/ഉച്ചഭക്ഷണ പദ്ധതിക്കായി കൊട്ടേഷൻ ക്ഷണിക്കുന്ന സ്ഥാപനമേധാവികൾ ടി പദ്ധതിയുടെ നടത്തിപ്പിനായി കൊട്ടേഷൻ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിന് ആവശ്യമായ എല്ലാ നടപടികളും പൂർത്തീകരിച്ച് വയ്ക്കേണ്ടതുമാണ് .**ടി പദ്ധതിയുടെ നടത്തിപ്പിനായി വർക്ക് ഓർഡർ ഇപ്പോൾ നൽകേണ്ടതില്ല.ഇവിടെ നിന്നും വർക്ക് ഓർഡർ നൽകുന്നതിന് നിർദേശം നൽകുന്ന മുറക്ക് മാത്രമേ ഓർഡർ നല്കാൻ പാടുള്ളു.**

2020-21 സാമ്പത്തിക വർഷം മുതൽ ഇടുക്കി,വയനാട്,കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാ ഐടിഐകളിലും ഭാഷാന്യൂനപക്ഷ ഐടിഐ ആയ കൊഴിഞ്ഞാംപാറ, ചിത്തിരപുരം, കുറ്റിക്കോൽ എന്നി ഐടിഐയിലും ഉച്ചഭക്ഷണ പദ്ധതിയാണ് 01-04-2020 മുതൽ ആവിഷ്കരിക്കേണ്ടത്.ആയതിനാൽ ടി ഐടിഐകളിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ള പോഷകാഹാര പദ്ധതിക്ക് പകരം ഉച്ചഭക്ഷണ പദ്ധതിയാണ് ആവിഷ്കരിക്കേണ്ടത്.നിലവിൽ പോഷകാഹാര പദ്ധതി,ഉച്ചഭക്ഷണ പദ്ധതി എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള **ആര്യനാട്,അട്ടപാടി,നിലമ്പൂർ എന്നീ ഐടിഐകളിൽ പോഷകാഹാര പദ്ധതി ഒഴിവാക്കി പകരം ഉച്ചഭക്ഷണ പദ്ധതി മാത്രമാണ് ആവിഷ്കരിക്കേണ്ടത്.**

ടി വിഷയത്തിൽ ആവശ്യമായ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകുന്നതിന് ആവശ്യമായ എല്ലാ നടപടികളും പൂർത്തീകരിച്ചുവയ്ക്കേണ്ടതാണ്.

ADDITIONAL DIRECTOR

പകർപ്പ്

ജെ എ എ (ടി) വെബ് സൈറ്റിൽ പരസ്യപ്പെടുത്തുവാൻ